# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3347 10.12.2018 -ൽ മറുപടിക്ക്

## റവന്യൂ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ; | (എ) റവന്യൂ വകുപ്പിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) സ്മാർട്ട് വില്ലേജ് പദ്ധതി നിലവിലുണ്ടോ; | (ബി) ഉണ്ട്. |
| (സി) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം പുനരുദ്ധാരണം നടത്തിയ വില്ലേജ് ആഫീസുകൾ എത്ര; | (സി) 14 വില്ലേജാഫീസുകൾ നവീകരിച്ചിട്ടുണ്ട്. |
| (ഡി) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം പുതിയതായി പണികഴിപ്പിച്ച വില്ലേജ് ആഫീസുകൾ എത്ര; വിശദമാക്കുമോ? | (ഡി) 116 വില്ലേജാഫീസിന് കെട്ടിടങ്ങൾ പുതുതായി പണികഴിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## റവന്യൂ വകുപ്പ്

### [redacted] സ്മാർട്ട് റവന്യൂ ഓഫീസുകൾ

*(വിഹിതം: 2200.00 ലക്ഷം രൂപ)*

ഭൂരിപക്ഷം ഭൂരേഖകളും സൂക്ഷിച്ചിവയ്ക്കുന്നതും പരിപാലിക്കുന്നതും വില്ലേജ് ഓഫീസുകളിലാണ്. എന്നാൽ ഒട്ടനവധി വില്ലേജോഫീസുകൾ മോശപ്പെട്ട അവസ്ഥയിലാണ്. ആയതിനാൽ, വില്ലേജോഫീസുകളുടെ ശരിയായ പ്രവർത്തനത്തിന് ആധുനിക കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. 2018-19 വർഷത്തിൽ 60 വില്ലേജോഫീസുകളെ സ്മാർട്ട് വില്ലേജോഫീസുകളാക്കുന്നതിന് 2200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

### [redacted] വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യം

*(വിഹിതം: 1800.00 ലക്ഷം രൂപ)*

സംസ്ഥാനത്തു 1535 വില്ലജ് ഓഫീസുകളാണ് ഉള്ളത്. വിവിധ സേവനങ്ങൾക്കായി ധാരാളം ജനങ്ങൾ വില്ലജ് ഓഫീസുകൾ സന്ദർശിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ പല വില്ലജ് ഓഫീസുകളിലും ഇല്ല കുടിവെള്ളം, പൊതുജനങ്ങൾക്ക് ടോയ് ലറ്റ്, പൊതുജനങ്ങൾക്ക് വിശ്രമ സംവിധാനം, റിക്കോർഡ് റൂം, ചുറ്റുമതിൽ തുടങ്ങിയവ വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത് 2018-19 വർഷത്തിൽ താഴെപ്പറയുന്നവ നടപ്പാക്കുന്നതിനുവേണ്ടി 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | പ്രവർത്തികൾ | തുക ലക്ഷത്തിൽ |
|---|---|---|
| 1 | 80 വില്ലേജ് ഓഫീസുകൾക്ക് അടിസ്ഥാന സൌകര്യം | 400.00 |
| 2 | 80 വില്ലേജ് ഓഫീസുകൾക്ക് ചുറ്റുമതിൽ | 400.00 |
| 3 | 100 വില്ലേജ് ഓഫീസുകൾക്ക് അധികമുറി | 1000.00 |
| | **ആകെ** | **1800.00** |

### [redacted] റവന്യൂ ഓഫീസുകളുടെ ആധുനികവൽക്കരണം

*(വിഹിതം: 500.00 ലക്ഷം രൂപ)*

റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഒഫീസ്, റവന്യൂ റിക്കവറി ഓഫീസ്, സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കൺട്രോൾ റൂം, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ തുടങ്ങിയ റവന്യൂ ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

### [redacted] സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

*(വിഹിതം: 300.00 ലക്ഷം രൂപ)*

സംസ്ഥാനത്ത് വാഹന സൗകര്യവും താമസ സൗകര്യവും അപര്യാപ്തമായ വിദൂര പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന നിരവധി വില്ലേജോഫീസുകൾ ഉണ്ട്. അത്തരം വില്ലേജോഫീസുകളിൽ തൊഴിലെടുക്കുന്ന ഉദ്യോഗസ്ഥർ ഓഫീസിലെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അതിനാൽ അത്തരം വിദൂര വില്ലേജോഫീസുകളിലെ ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിനുവേണ്ടി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കേണ്ടതുണ്ട്. 2018-19 വർഷത്തിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

### [redacted] റവന്യൂ വകുപ്പിലെ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം.

*(വിഹിതം: 125.00 ലക്ഷം രൂപ)*

റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പഴയ കെട്ടിടങ്ങളെ ശരിയായ പരിപാലന നടപടികളിലൂടെയും, അറ്റകുറ്റപ്പണികളിലൂടെയും പൈതൃക കെട്ടിടങ്ങളായി സംരക്ഷിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇവയിൽ ചില കെട്ടിടങ്ങളെ മ്യൂസിയങ്ങളോ, ഗ്രന്ഥശാലകളോ, ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള മറ്റ് കേന്ദ്രങ്ങളോ ആയി മാറ്റാവുന്നതാണ്. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണ പരിപാടികൾ പുരാവസ്തു വകുപ്പുമായിച്ചേർന്ന് നടത്തേണ്ടതാണ്. പൈതൃക കെട്ടിടങ്ങൾ സംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നതിനായി 2018-19 വർഷത്തേക്ക് 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### [redacted] പൊതുമുതൽ സംരക്ഷണം - കേരള ഭൂ ബാങ്ക് പദ്ധതി

*(വിഹിതം: 50.00 ലക്ഷം രൂപ)*

സർക്കാർ ഭൂമിയുടെ പരിപാലനത്തിനും ശാസ്ത്രീയമായി പട്ടികപ്പെടുത്തലിനുമാണ് ഈ പദ്ധതി. സംസ്ഥാനത്തിന്റെ ഭാവിവികസനത്തിന് ഗവണ്മെന്റ് ഭൂമി ഉപയോഗിക്കുന്നതിന് ഇത് സഹായകമാകും കയ്യേറ്റങ്ങൾ തടയുന്നതിനൊപ്പം ഗവണ്മെന്റ് ഭൂമിയെ സാമൂഹ്യപരവും വികസനപരവുമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും ഇത് സഹായകമാകും. കേരള ഭൂബാങ്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തേക്ക് 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## [redacted] റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

*(വിഹിതം: 1550.00 ലക്ഷം രൂപ)*

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം വികസിപ്പിക്കുന്നതിന് സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഭൂമി കൈമാറ്റം നടക്കുമ്പോൾ തന്നെ സ്ഥല സംബന്ധിയായ വിവരവും പ്രമാണ സംബന്ധമായ വിവരവും ഓൺലൈനായിത്തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുന്ന സംവിധാനം ഇതിന്റെ ഒരു ലക്ഷ്യമാണ്.രജിസ്ട്രേഷൻ, റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പുകളുടെ ഭൂരേഖ സേവന വിനിമയ സംവിധാനം ഏകോപിപ്പിക്കുകയും ഭൂരേഖ കൈകാര്യം ചെയ്യുന്നതിന് ഒരു ഫലപ്രദമായ സംവിധാനം കൊണ്ടുവരുക എന്നതുമാണ് ഇതിന്റെ ആശയം. 2018-19 വർഷത്തേക്ക് 1550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താഴെപ്പറയുന്ന ഉപഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഘടകങ്ങൾ | വിഹിതം *(രൂപ ലക്ഷത്തിൽ)* |
|---|---|---|
| I | **ഭൂരേഖയുടെ കമ്പ്യൂട്ടർവൽക്കരണം** | |
| 1 | എ) സ്ഥലപരമായ വിവരങ്ങളുടെ ഡിജിറ്റൈസേഷൻ<br>പഴയ സർവ്വേ (21000x1664 വില്ലേജ്)<br>പുതിയ സർവ്വേ (59250x533 വില്ലേജ്)<br>ബി) രേഖകളുടെ ഡിജിറ്റൈസേഷനും സ്ഥലമാന വിവരത്തിന്റെ കൂട്ടിച്ചേർക്കലും<br>സി) കഴിവ് ഉയർത്തൽ | 1550.00 |

| ക്രമ നം. | ഘടകങ്ങൾ | വിഹിതം *(രൂപ ലക്ഷത്തിൽ)* |
|---|---|---|
| 2 | അടിസ്ഥാന സൗകര്യ നവീകരണം<br>(എ) വില്ലേജ് ഓഫീസുകളിൽ ഹെൽപ്പ്ഡെസ്ക്<br>(ബി)ഫെസിലിറ്റി മാനേജ്മെന്റ് സർവീസ്<br>(സി) ഹാർഡ് വെയർ വാങ്ങൽ | |
| 3 | കണ്ടിജൻസി ചെലവുകൾ (@ 5%) | |

### ഐ.എൽ.ഡി.എം.

## [redacted] ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്

*(വിഹിതം: 160.00 ലക്ഷം രൂപ)*

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനം, സേവന വേളയിലെ പരിശീലനം, ദുരന്ത അവസ്ഥ കൈകാര്യം ചെയ്യൽ ഉൾപ്പെടെയുള്ള പ്രത്യേക വിഷയങ്ങളിൽ പരിശീലനം എന്നിവ നടത്തുന്നതിനായി 1996 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്. 2018-19 വർഷത്തിൽ താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

| ക്രമ നം. | ഘടകങ്ങൾ | തുക ലക്ഷത്തിൽ |
|---|---|---|
| 1 | എ) സെന്റർ ഫോർ ലാന്റ് ഗവേണൻസ് - (സീഡ്മണി)<br>ബി) സുരക്ഷയ്ക്കും ജനക്കൂട്ട റിസ്കിന്റെയും ഗവേഷണകേന്ദ്രം<br>സി) ഇടി മിന്നൽ റിസർച്ച് കേന്ദ്രം | 10.00 |
| 2 | കേന്ദ്രീകൃത പരിശീലന പരിപാടി 400, പരിശീലനം ഒന്നിന് 20000 രൂപ എന്നകണക്കിന് | 80.00 |
| 3 | 14 ജില്ലാ കളക്ടറേറ്റുകളിലും, 75 താലൂക്ക് ഓഫീസുകളിലും വികേന്ദ്രീകൃത പരിശീലന പരിപാടി ഒന്നിന് 13000 രൂപ എന്ന കണക്കിന് 300 പരിശീലന പരിപാടികൾ | 39.00 |
| 4 | പ്രസിദ്ധീകരണം (റവന്യൂ ഗൈഡ്, റവന്യൂ വാർത്ത) | 16.00 |
| 5 | അടിസ്ഥാനസൌകര്യ വികസനം | 15.00 |
| | **ആകെ** | 160.00 |

## ദുരന്തനിവാരണം

### [redacted] ദുരന്തം കൈകാര്യം ചെയ്യലും, ലഘൂകരണവും പുനരധിവാസവും

*(വിഹിതം: 500.00 ലക്ഷം രൂപ)*

ദുരന്ത സാഹചര്യങ്ങളിൽ അതിവേഗം പ്രതികരിക്കുന്നതിനും ആസൂത്രണം നടത്തുന്നതിനും വേണ്ടി ശക്തമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. താഴെപ്പറയുന്ന പരിപാടികൾക്കായി 2018-19 വർഷത്തേക്ക് 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

| ക്രമ നം. | പരിപാടി | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണം (സി. ബി. ഡി. ആർ. ആർ) | കർമ്മസേന രൂപീകരണം, കഴിവ് വർദ്ധിപ്പിക്കൽ, പരിശീലനം | 75.00 |
| 2 | സംസ്ഥാന ദുരന്ത പ്രതികരണ സേനയെ ശക്തിപ്പെടുത്തൽ | സംസ്ഥാന ദുരന്ത പ്രതികരണ സേന (100 അംഗങ്ങൾ) | 50.00 |
| 3 | അഗ്നി സുരക്ഷാ സേവനം ശക്തിപ്പെടുത്തുക | പ്രത്യേകം പരിശീലനം നേടിയ സ്ഥിരം മാസ്റ്റർ ട്രെയിനികളെ സജ്ജരാക്കുക. | 50.00 |
| 4 | അത്യാഹിത പ്രവർത്തന കേന്ദ്രങ്ങളുടെ ശൃംഖലാ ശാക്തീകരണം | സംസ്ഥാനത്ത് ദുരന്തം ലഘൂകരിക്കുന്നതിനും ജില്ലാ സംസ്ഥാന ഘടകങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുക | 50.00 |
| 5 | ദുരന്ത ലഘൂകരണത്തിന് ശാസ്ത്രീയവും സാങ്കേതികവുമായ മേൽനോട്ടം | പുതിയ സാങ്കേതിക വിദ്യകൾ പരീക്ഷിക്കലും പ്രാദേശിക വൽക്കരിക്കലും | 30.00 |

| ക്രമ നം. | പരിപാടി | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 6 | ദുരന്ത നിവാരണ ലഘൂകരണത്തെ മുഖ്യധാരയിലാക്കുക | എല്ലാ വകുപ്പുകളിലും വിർച്വൽ ഡി.എം. കേഡർ, ദുരന്ത ലഘൂകരണ പദ്ധതി | 220.00 |
| 7 | സംസ്ഥാന, ജില്ലാതല ദുരന്ത ലഘൂകരണ പദ്ധതികൾ നവീകരിക്കുക | സംസ്ഥാന ദുരന്ത നിവാരണ/ലഘൂകരണ പദ്ധതി പുതുക്കൽ ജില്ലാ ദുരന്ത നിവാരണ ലഘൂകരണ പദ്ധതി പുതുക്കൽ | 25.00 |
| | ആകെ | | **500.00** |

### [redacted] ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി (എൻ.സി.ആർ.എം.പി.) (സംസ്ഥാന വിഹിതം 25%)

*(വിഹിതം: 250.00 ലക്ഷം രൂപ)*

എൻ.സി.ആർ.എം.പി. രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി ലോക ബാങ്കിന്റെ വായ്പ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് ഗ്രാന്റായി ലഭ്യമാക്കുന്ന പദ്ധതിയാണ്. ഇതിന്റെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നു.

1) മുന്നറിയിപ്പ് സംവിധാനം (100% കേന്ദ്രം)
2) കൊടുങ്കാറ്റ് അപകട ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ (75% കേന്ദ്രം)
3) ദുരന്ത നിവാരണ സംവിധാനത്തിന് സാങ്കേതിക സഹായം (100% കേന്ദ്രം)
4) പദ്ധതി കൈകാര്യം ചെയ്യലും, നടപ്പാക്കുന്നതിന് പിന്തുണയും (100% കേന്ദ്രം)

2018-19 വർഷത്തേക്ക് രണ്ടാമത്തെ ഉപഘടകത്തിൽ ഉൾപ്പെടുത്തി 10 അഭയകേന്ദ്രങ്ങൾ പൂർത്തീകരിക്കുന്നതിന് 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## സർവ്വേയും ഭൂരേഖയും

### [redacted] സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

*(വിഹിതം: 128.00 ലക്ഷം രൂപ)*

സർവ്വേ വകുപ്പിന്റെ കീഴിലുള്ള സർവ്വേ പരിശീലന സ്കൂളുകളെ താമസ സൗകര്യത്തോടുകൂടി ആധുനികവൽക്കരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. സർവ്വെ സ്കൂളിൽ വിവിധ തരത്തിലുള്ള സർവ്വെ കോഴ്സുകൾ നടത്തുന്നതിനും ദേശീയതലത്തിലുള്ള ഒരു സർവ്വേ പരിശീലന സ്ഥാപനമായി ഉയർത്തുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. 2018–19 വർഷത്തേക്ക് 128.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### [redacted] ഭൂരേഖാ സംവിധാനങ്ങളുടെ സംയോജനം

*(വിഹിതം: 5000.00 ലക്ഷം രൂപ)*

കേരളത്തിലെ വിവിധ മേഖലകളിലെ ഭരണത്തിന്റെ ഗുണം മെച്ചപ്പെടുത്തണമെങ്കിൽ കേരളത്തിലെ റവന്യൂ ഭൂമിയുടെ സർവ്വേ പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്.യഥാസമയം പുതുക്കിയതും ഡിജിറ്റൈസ് ചെയ്തതുമായ വിവരത്തിന്റെ അഭാവം നിരവധി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഭൂരേഖ വിനിമയ സംവിധാനങ്ങളെ ഏകോപിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. രജിസ്ട്രേഷൻ പ്രക്രിയ കഴിഞ്ഞ ഉടൻതന്നെ ഭൂരേഖ അപ്ഡേഷൻ ജി.ഐ.എസ്. പ്ലാറ്റ് ഫോമിൽ നടക്കുകയും, വിഭാവനം ചെയ്തിരിക്കുന്ന മാപ്പിംഗ് സോഫ്റ്റ് വയർ പാക്കേജിൽ നികുതി/റവന്യൂ കളക്ഷനും സേവന വിനിമയവും പ്രതിഫലിക്കുകയും ചെയ്യും.

കാസർകോട് ജില്ലയിലെ 108 വില്ലേജുകൾ, ഇടുക്കിയിലെ 63 വില്ലേജുകൾ, തൃശ്ശൂർ ജില്ലയിലെ 256 വില്ലേജുകൾ എന്നിങ്ങനെ 427 വില്ലേജുകൾ ഒരു സ്ക്വയർ കി.മീറ്ററിന് 2.5 ലക്ഷം രൂപ നിരക്കിൽ പൂർത്തിയാക്കുന്നതിന് സർവ്വേ വകുപ്പ് നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. 8175 ച.കി.മീ. വരുന്ന 427 വില്ലേജുകൾ ഡി.ഐ.എൽ.ആർ.എം.പി (കേന്ദ്ര ഗവണ്മെന്റ്) പാനൽ ചെയ്ത ഏജൻസികളെക്കൊണ്ട് സർവ്വെ ചെയ്യിപ്പിക്കുന്നതിന് 204.37 ലക്ഷം രൂപ വേണ്ടിവരും. വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കാവുന്ന പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ കാസർകോട് ജില്ലയിലെ 25 വില്ലേജുകൾ, ഇടുക്കിയിൽനിന്നും 25 വില്ലേജുകൾ, തൃശ്ശൂർ ജില്ലയിൽനിന്നും 50 വില്ലേജുകൾ, തെരഞ്ഞെടുത്ത് സർവ്വെ നടത്താവുന്നതാണ്. ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാവുന്നതോടെ 427 ൽ ശേഷിക്കുന്ന വില്ലേജുകൾ 2018–19 ൽതന്നെ സർവ്വെ നടത്താവുന്നതാണ്. ഇതിന്റെ ടെണ്ടർ നടപടികളിൽ മൊത്തം 427 വില്ലേജുകളും ഉൾപ്പെടുത്തേണ്ടതാണ്. ഇത് പൂർത്തിയാക്കുന്ന മുറയ്ക്ക്, വരുന്ന നാല് വർഷംകൊണ്ട് സംസ്ഥാനത്തെ മൊത്തം വില്ലേജുകളും ജിയോ റഫറൻസിംഗ് ഉൾപ്പെടെ സർവ്വെ നടത്തി പൂർത്തിയാക്കാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ രൂപരേഖയും സമയപ്പട്ടികയും വകുപ്പ് തയ്യാറാക്കേണ്ടതാണ്.

കേരള ലാന്റ് സെറ്റിൽമെന്റ് അതോറിട്ടി രൂപീകരിക്കുക, ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുക, ഭൂരേഖകളുടെ ഡിജിറ്റലൈസേഷന് ഓൺലൈൻ നിരീക്ഷണം, ടെക്ച്വൽ ഡാറ്റാ സംയോജിപ്പിക്കുക, ഒരു വില്ലേജിൽ 30 എന്ന കണക്കിന് ജി.പി.എസ്. സ്ഥാപിക്കുക, വില്ലേജുകൾ റീ സർവ്വേ എന്നിവയ്ക്കായി 2018–19 വർഷത്തേക്ക് 5000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിഭാവനംചെയ്ത രീതിയിൽ സർവ്വെ നടക്കുകയാണെങ്കിൽ 2018 ആഗസ്റ്റ് മാസത്തോടെ 100 വില്ലേജുകളുടെ സർവ്വെ പൂർത്തിയാകും. ശേഷിച്ച 327 വില്ലേജുകളുടെ സർവ്വെയ്ക്ക് പണം ചെലവഴിക്കുന്നതിനായി ഇതിനെ ഒരു റിവ്യൂ പോയിന്റായി കണക്കാക്കാവുന്നതാണ്. വില്ലേജ് സർവ്വെ ഒന്നിന് പുറകെ ഒന്നായി ചെയ്യുന്നതിന് പകരം ഒരേ സമയം പല വില്ലേജുകളുടെ സർവ്വെ നടത്തുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ അധിക തുക എസ്.ഡി.ജി.യുടെ കണ്ടെത്താവുന്നതാണ്.

S.O R.r.c.c

അനുബന്ധം - 2



# സ്മാർട്ട് റവന്യൂ ആഫീസ്

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും(Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും(Modern) ഉറപ്പായും(Assured) ഉത്തരവാദിത്വത്തോടേയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന് ഉദ്ദേശ്യത്തോട്ടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

ഒന്നാം ഘട്ടം - നവീകരണം (2013-14) — പുനരുദ്ധാരണം

| ക്രമ നം. | ജില്ല | വില്ലേജ് ഒന്നാം ഘട്ടം (നവീകരണം) | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | തൈക്കാട് | പൂർത്തീകരിച്ചു ✓ |
| 2 | കൊല്ലം | തൃക്കോവിൽവട്ടം | പൂർത്തീകരിച്ചു |
| 3 | പത്തനംതിട്ട | മലയാലപ്പുഴ | പൂർത്തീകരിച്ചു |
| 4 | ആലപ്പുഴ | തിരുവൻവണ്ടൂർ | പൂർത്തീകരിച്ചു |
| 5 | കോട്ടയം | ചങ്ങനാശ്ശേരി | പൂർത്തീകരിച്ചു |
| 6 | ഇടുക്കി | ഇടുക്കി | പൂർത്തീകരിച്ചു |
| 7 | എറണാകുളം | ആലുവ വെസ്റ്റ് | പൂർത്തീകരിച്ചു |
| 8 | തൃശ്ശൂർ | അരണാട്ടുകര | പൂർത്തീകരിച്ചു |
| 9 | പാലക്കാട് | വടകരപ്പതി | പൂർത്തീകരിച്ചു |
| 10 | കോഴിക്കോട് | നഗരം | പൂർത്തീകരിച്ചു |
| 11 | മലപ്പുറം | അമരമ്പലം | പൂർത്തീകരിച്ചു |
| 12 | വയനാട് | നൂൽപ്പുഴ | പൂർത്തീകരിച്ചു |
| 13 | കണ്ണൂർ | കുറ്റ്യാട്ടൂർ | പൂർത്തീകരിച്ചു |
| 14 | കാസറഗോഡ് | കാസറഗോഡ് ഗ്രൂപ്പ് | പൂർത്തീകരിച്ചു |

രണ്ടാം ഘട്ടം – നിർമ്മാണം (2014-15)

| ക്രമ നം. | ജില്ല | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | നാവായിക്കുളം | പൂർത്തീകരിച്ചു |
| 2 | കൊല്ലം | പേരയം | പൂർത്തീകരിച്ചു |
| 3 | കൊല്ലം | പടിഞ്ഞാറേ കല്ലട | പൂർത്തീകരിച്ചു |
| 4 | പത്തനംതിട്ട | പന്തളം | പൂർത്തീകരിച്ചു |
| 5 | ആലപ്പുഴ | അർത്തുങ്കൽ | പൂർത്തീകരിച്ചു |
| 6 | കോട്ടയം | ചെമ്പ് | പൂർത്തീകരിച്ചു |
| 7 | പാലക്കാട് | കരിമ്പുഴ I | പൂർത്തീകരിച്ചു |
| 8 | വയനാട് | ചെറുകാട്ടൂർ | പൂർത്തീകരിച്ചു |
| 9 | കണ്ണൂർ | പെരിങ്ങളം | പൂർത്തീകരിച്ചു |
| 10 | കണ്ണൂർ | ഉദയഗിരി | പൂർത്തീകരിച്ചു |
| 11 | കണ്ണൂർ | തൃപ്പങ്ങോട്ടൂർ (എം.എൽ.എ. ഫണ്ട്) | പൊതുമരാമത്ത് വകുപ്പിനാണ് ചുമതല. നിർമ്മാണം പുരോഗമിക്കുന്നു. |

മൂന്നാം ഘട്ടം - നിർമ്മാണം (2015-16)

| ക്രമ നം. | ജില്ല | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | പള്ളിപ്പുറം | പൂർത്തീകരിച്ചു. |
| 2 | തിരുവനന്തപുരം | മാറനല്ലൂർ | പൂർത്തീകരിച്ചു. |
| 3 | തിരുവനന്തപുരം | കള്ളിക്കാട് | പൂർത്തീകരിച്ചു. |
| 4 | പത്തനംതിട്ട | വള്ളിക്കോട് | പൂർത്തീകരിച്ചു. |
| 5 | പത്തനംതിട്ട | തണ്ണിത്തോട് | പൂർത്തീകരിച്ചു. |
| 6 | ആലപ്പുഴ | കൃഷ്ണപുരം | പണികൾ അന്തിമ ഘട്ടത്തിൽ (കോടതി സ്റ്റേ) |
| 7 | ആലപ്പുഴ | കഞ്ഞിക്കുഴി | പൂർത്തീകരിച്ചു. |
| 8 | എറണാകുളം | ഐരാപുരം | പൂർത്തീകരിച്ചു. |
| 9 | പാലക്കാട് | തെക്കേദേശം | പൂർത്തീകരിച്ചു. |

നാലാം ഘട്ടം — നിർമ്മാണം (2016-17)

| ക്രമ നം | ജില്ല | വില്ലേജിന്റെ പേര് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | കഠിനംകുളം | പൂർത്തീകരിച്ചു. |
| 2 | കൊല്ലം | തഴുത്തല | പൂർത്തീകരിച്ചു. |
| 3 | കോട്ടയം | നെടുങ്കുന്നം | പൂർത്തീകരിച്ചു. |
| 4 | തൃശ്ശൂർ | ചെറുതുരുത്തി | പൂർത്തീകരിച്ചു. |
| 5 | പാലക്കാട് | കണ്ണാമ്പ്ര- II | പണികൾ പൂർത്തിയായി . |
| 6 | കോഴിക്കോട് | പന്തീരാങ്കാവ് | പണികൾ പൂർത്തീകരിച്ചു. |
| 7 | കാസർഗോഡ് | വലിയപറമ്പ് | പണികൾ പൂർത്തിയായി . |

## സ്മാർട്ട് റവന്യൂ 2017-18

| ജില്ല | വില്ലേജ് | പുരോഗതി വിവരം |
|---|---|---|
| തിരുവനന്തപുരം | ചെറുവയ്ക്കൽ | അന്തിമ ഘട്ടത്തിൽ |
| | കടയ്ക്കാവൂർ | അന്തിമ ഘട്ടത്തിൽ (Structure പൂർത്തിയായി) |
| | പട്ടം | പണി ആരംഭിച്ചിട്ടില്ല. |
| കൊല്ലം | ചണ്ണപ്പേട്ട | സംരക്ഷണ ഭിത്തി പൂർത്തിയായി, അടിസ്ഥാനം ഇട്ടു |
| | ഓച്ചിറ | അടിസ്ഥാനം ഇട്ടു |
| | കൊട്ടാരക്കര | പണി ആരംഭിച്ചിട്ടില്ല. |
| പത്തനംതിട്ട | കുരമ്പാല | പണി പൂർത്തിയായി, ഉദ്ഘാടനം കഴിഞ്ഞു. |
| | ഇമ്പമൺ | പണി പുരോഗമിക്കുന്നു. മേൽക്കൂര കോൺക്രീറ്റ് കഴിഞ്ഞു |
| | മൈലപ്ര | പണി പൂർത്തിയായി |
| ആലപ്പുഴ | പട്ടണക്കാട് | പ്ലാസ്റ്ററിംഗ് |
| | പാണാവള്ളി | പ്ലാസ്റ്ററിംഗ് |
| | വള്ളിക്കുന്നം | അന്തിമഘട്ടത്തിൽ |
| കോട്ടയം | വടക്കേമുറി | എഗ്രിമെന്റ് സ്റ്റേജ് |
| | വാഴൂർ | പൂർത്തിയായി. |
| | കോരുതോട് | എഗ്രിമെന്റ് സ്റ്റേജ് |
| ഇടുക്കി | പെരിയാർ | ലിന്റിൽ ലെവൽ |
| | ഏലപ്പാറ | ടെണ്ടർ സ്റ്റേജ് |
| | അണക്കര | ടെണ്ടർ സ്റ്റേജ് |
| എറണാകുളം | മുളവൂർ | അടിസ്ഥാനത്തിന്റെ പണി കഴിഞ്ഞു. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| | പുതുവൈപ്പ് | അടിസ്ഥാനം ഇട്ടു. |
| | വെള്ളൂർക്കുന്നം | 1ാം നില പില്ലർ, ഗ്രൗണ്ട് വാർത്തു. അന്തിമ ഘട്ടത്തിൽ |
| തൃശ്ശൂർ | പീച്ചി | റൂഫ് ലെവൽ |
| | വെള്ളിക്കുളങ്ങര | പൂർത്തിയായി |
| | എറിയാട് | പൂർത്തിയായി |
| പാലക്കാട് | ഓങ്ങല്ലൂർ -2 | ലിന്റിൽ ലെവൽ |
| | കൊങ്ങാട്-2 | നിർമ്മാണം പുരോഗമിക്കുന്നു. |
| | തൃത്താല | അടിസ്ഥാനം ഇട്ടു |
| കോഴിക്കോട് | കരുവൻതുരുത്തി | 75% പൂർത്തിയായി |
| | ആയഞ്ചേരി | 25% പൂർത്തിയായി |
| മലപ്പുറം | മൂത്തേടം | ലിന്റിൽ ലെവൽ |
| | തൃക്കണ്ടിയൂർ | അടിസ്ഥാനം ഇട്ടു |
| വയനാട് | കുപ്പാടി | പണി പൂർത്തിയായി |
| | കൽപ്പറ്റ | അന്തിമ ഘട്ടത്തിൽ |
| കണ്ണൂർ | ചൊക്ലി | അന്തിമ ഘട്ടത്തിൽ |
| | ന്യൂ നടുവിൽ | പണി പൂർത്തിയായി |
| | തിരുമേനി | അന്തിമ ഘട്ടത്തിൽ |
| കാസർഗോഡ് | ബേളൂർ | പൂർത്തിയായി, ഉദ്ഘാടനം കഴിഞ്ഞു |
| | കള്ളാർ | ലിന്റിൽ ലെവൽ |
| | വോർക്കാടി | മേൽക്കൂര കോൺക്രീറ്റ് കഴിഞ്ഞു. |

## സ്മാർട്ട് വില്ലേജ് - 2018-19

| ജില്ല | വില്ലേജ് | പുരോഗതി വിവരം |
|---|---|---|
| തിരുവനന്തപുരം | പരശുവയ്ക്കൽ | എഗ്രിമെന്റ് സ്റ്റേജ് |
| | കരുപ്പൂര് | എഗ്രിമെന്റ് സ്റ്റേജ് |
| | നേമം | എഗ്രിമെന്റ് സ്റ്റേജ് |
| | നഗരൂർ | എഗ്രിമെന്റ് സ്റ്റേജ് |
| കൊല്ലം | ശൂരനാട് വടക്ക് | എഗ്രിമെന്റ് സ്റ്റേജ് |
| | ഇടമൺ | എഗ്രിമെന്റ് സ്റ്റേജ് |
| | വെളിയം | എഗ്രിമെന്റ് സ്റ്റേജ് |
| | വെളിനല്ലൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | തലവൂർ | എഗ്രിമെന്റ് സ്റ്റേജ് |
| പത്തനംതിട്ട | ഇരവിപേരൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | അയിരൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | ഏനാത്ത് | നിർമ്മാണം ആരംഭിച്ചു |
| ആലപ്പുഴ | ചിങ്ങോലി | ടെണ്ടർ സ്റ്റേജ് |
| | അമ്പലപ്പുഴ വടക്ക് | ടെണ്ടർ സ്റ്റേജ് |
| | അരൂക്കുറ്റി | ടെണ്ടർ സ്റ്റേജ് |
| കോട്ടയം | വെള്ളൂർ | നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു |
| | എരുമേലി വടക്ക് | നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു |
| | ഓണംതുരുത്ത് | നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു |
| ഇടുക്കി | ഇരട്ടയാർ | പണികൾ ആരംഭിച്ചിട്ടില്ല |
| | കാഞ്ചിയാർ | പണികൾ ആരംഭിച്ചിട്ടില്ല |
| | കാരിക്കോട് | പണികൾ ആരംഭിച്ചിട്ടില്ല |
| എറണാകുളം | കാക്കനാട് | ടെണ്ടർ സ്റ്റേജ് |
| | ആലുവ ഈസ്റ്റ് | എസ്റ്റിമേറ്റ് സ്റ്റേജ് |
| | തോപ്പുംപടി | ടെണ്ടർ സ്റ്റേജ് |
| | പോത്താനിക്കാട് | എസ്റ്റിമേറ്റ് ലെവൽ |
| തൃശ്ശൂർ | പാണഞ്ചേരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | കടങ്ങോട് | എസ്റ്റിമേറ്റ് സ്റ്റേജ് |
| | മടത്തുംപടി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | തളിക്കുളം | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ഗുരുവായൂർ | എസ്റ്റിമേറ്റ് സ്റ്റേജ് |
| പാലക്കാട് | ശ്രീകൃഷ്ണപുരം -2 | ഫണ്ട് കൂടുതൽ ആവശ്യമാണ്. |
| | വെള്ളിനേഴി | എഗ്രിമെന്റ് സ്റ്റേജ് |
| | വിളയൂർ | സ്ഥലം ലഭ്യമല്ല |

| | | |
|---|---|---|
| മലപ്പുറം | മലപ്പുറം | എസ്റ്റിമേറ്റ് സ്റ്റേജ് |
| | വെട്ടം | എസ്റ്റിമേറ്റ് സ്റ്റേജ് |
| | പുറത്തൂർ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | വഴിക്കടവ് | എസ്റ്റിമേറ്റ് സ്റ്റേജ് |
| കോഴിക്കോട് | തിക്കോടി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | കട്ടിപ്പാറ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ചങ്ങരോത്ത് | അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളതിനാൽ വേറെ വില്ലേജിനെ തെരഞ്ഞെടുക്കണം |
| വയനാട് | മാനന്തവാടി | പണികൾ ആരംഭിച്ചിട്ടില്ല |
| | മുട്ടിൽ നോർത്ത് | പണികൾ ആരംഭിച്ചിട്ടില്ല |
| കണ്ണൂർ | ചെങ്ങളായി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | പട്ടുവിലായി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | കല്യാശ്ശേരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | മക്രേരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| കാസർഗോഡ് | ചിത്താരി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | പരപ്പ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ചെറുവത്തൂർ | എസ്റ്റിമേറ്റ് സ്റ്റേജ് |
| | ഹൊസബെട്ടു | എസ്റ്റിമേറ്റ് സ്റ്റേജ് |

# വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം - 2017-18

| ജില്ല | അറ്റകുറ്റപ്പണി | | | ടോയ്‌ലറ്റ് നിർമ്മാണം | | | കുടിവെള്ളം ലഭ്യമാക്കൽ | | | ചുറ്റുമതിൽ നിർമ്മാണം | | | അഡീഷണൽ റൂം നിർമ്മാണം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തിയായവ | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തിയായവ | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തിയായവ | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തിയായവ | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തിയായവ |
| TVM | 1 | 1 | - | 4 | - | 4 | 28 | 5 | 11 | 5 | 3 | 2 | 5 | 5 | - |
| KLM | 5 | 4 | 1 | 10 | 1 | 8 | 30 | 13 | 15 | 6 | 6 | - | 6 | 6 | - |
| PTA | 2 | 2 | - | - | - | - | 14 | - | 15 | 3 | 2 | 1 | 5 | 5 | - |
| ALP | 5 | - | 5 | 6 | - | 6 | 37 | - | 37 | 1 | - | 1 | 7 | - | 7 |
| KTM | 4 | - | 4 | 4 | - | 2 | 61 | 3 | 5 | 5 | - | 2 | 6 | - | 4 |
| IDK | 3 | 3 | - | 10 | 5 | 5 | 30 | 30 | - | 7 | 7 | - | 4 | 4 | 0 |
| EKM | 4 | - | 4 | 1 | - | 1 | 46 | 17 | 23 | 3 | 1 | 2 | 5 | - | 5 |
| TSR | 8 | - | 8 | 9 | - | 9 | 96 | - | 87 | 7 | - | 7 | 7 | - | 7 |
| PKD | 8 | 1 | 7 | 5 | - | 5 | 68 | - | 40 | 3 | - | 1 | 6 | - | 4 |
| KKD | 6 | 4 | - | - | - | - | 56 | 9 | 29 | 6 | - | 5 | 4 | 4 | - |
| MLP | 8 | 8 | - | 2 | 2 | - | 68 | 54 | - | 1 | 1 | - | 5 | 5 | - |
| WND | 3 | - | 3 | 3 | - | 3 | 13 | - | 13 | 3 | - | 2 | 2 | | 2 |
| KNR | 7+5 | - | 12 | 5+4 | - | 9 | 72 | - | 50 | 9 | 3 | 1 | 2 | 2 | - |
| KSD | 6 | 6 | - | 4 | 3 | - | 54 | 35 | - | 9 | 2 | 7 | 4 | 4 | - |
| Total | 70+5 | 29 | 44 | 63+4 | 11 | 52 | 673 | 166 | 325 | 68 | 25 | 31 | 68 | 35 | 29 |

# വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം - 2018-19

| ജില്ല | അറ്റകുറ്റപ്പണി | | | ചുറ്റുമതിൽ നിർമ്മാണം | | | അഡീഷണൽ റൂം നിർമ്മാണം | | |
|---|---|---|---|---|---|---|---|---|---|
| | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തി യായവ | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തിയായവ | ആകെ പണികളുടെ എണ്ണം | പുരോഗമിക്കുന്നവ | പൂർത്തിയായവ |
| TVM | 5 | 1 | | 7 | 6 | | 9 | 9 | |
| KLM | 6 | | | 5 | | | 8 | | |
| PTA | 3 | 3 | | 3 | 3 | | 3 | 3 | |
| ALP | 4 | | | 3 | | | 5 | | |
| KTM | 6 | | | 4 | | | 7 | | |
| IDK | 6 | | | 5 | | | 6 | | |
| EKM | 5 | 5 | | 6 | 6 | | 6 | 6 | |
| TSR | 12 | | | 9 | | | 9 | | |
| PKD | 8 | | | 13 | | | 9 | | |
| MLP | 7 | 7 | | 6 | 6 | | 7 | 7 | |
| KKD | 4 | | | 3 | | | 6 | | |
| WND | 2 | | | 4 | | | 4 | | |
| KNR | 5 | | | 6 | | | 13 | | |
| KSD | 7 | | | 6 | | | 8 | | |
| Total | 80 | 16 | 0 | 80 | 21 | 0 | 100 | 25 | 0 |